"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - ജീവനക്കാര്യം - പാലക്കാട് വിക്ടോറിയ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി.അനിത.കെ-യുടെ പിതാവിന്റെ ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.761/2025/HEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.2034/2015/ഉ.വി.വ തീയതി 05.08.2015.
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10.05.2024-ലെ ഡി.സി.ഇ.ടി.വി.എം/3675/2024-ജെ2 നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പുനലൂർ പോളിടെക്നിക് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ശ്രീമതി അനിത.കെ-യ്ക്ക് ടിയാളുടെ പിതാവിന്റെ തിരുവനന്തപുരം എസ്.യു.ടി ആശുപത്രിയിലെ ചികിത്സക്കായി ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ച തുകയുടെ 80% ആയ Rs.1,16,932/-(ഒരു ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ട് രൂപ) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രതിപൂരണാനുമതി നൽകിയ കാലയളവിൽ ടിയാൾ കെ.എസ്.ആർ പാർട്ട് I Appendix XII C പ്രകാരം ശൂന്യവേതന അവധിയിൽ തുടരുകയായിരുന്നതിനാൽ സെൽഫ് ഡ്രോയിങ്ങ് ഉദ്യോഗസ്ഥ ആയിരുന്ന ടിയാൾ ബില്ല് തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. 20.06.2023-ൽ ശൂന്യവേതനാവധിയ്ക്ക് ശേഷം തിരികെ സർവ്വീസിൽ പ്രവേശിച്ച് നിലവിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ പാലക്കാട് വിക്ടോറിയ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി തുടരുന്ന ശ്രീമതി അനിത.കെ കാലഹരണപ്പെട്ട പരാമർശ അനുമതി ഉത്തരവ് പുതുക്കി നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ പരാമർശം(2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പുനലൂർ പോളിടെക്നിക് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ശ്രീമതി.അനിത.കെ-യുടെ പിതാവിന്റെ തിരുവനന്തപുരം എസ്.യു.ടി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ച തുകയുടെ 80% ആയ

Rs.1,16,932/-(ഒരു ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ട് രൂപ) പ്രതിപൂരണം ചെയ്തു നൽകിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തും ശ്രീമതി അനിത.കെ-യ്ക്ക് പ്രതിപൂരണാർഹമായ Rs.1,16,932/-(ഒരു ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി മുപ്പത്തി രണ്ട്) രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PARVATHY S A

അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
ശ്രീമതി.അനിത.കെ, അസിസ്റ്റന്റ് പ്രൊഫസർ, വിക്ടോറിയ കോളേജ്, പാലക്കാട്.(കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

✓HEDN (L) Section

ഉത്തരവിൻ പ്രകാരം

Signed by
Geetha Lekshmi. G
Date: 16-06-2025 15:12:23

സെക്ഷൻ ഓഫീസർ